LIBRARY ARCHIVES Kerala Legislative Assembly

ആർ.എം.എസ്.എ. സ്കൂളുകളിൽ അദ്ധ്യാപക നിയമനം

44 (1080) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ. സ്കൂളുകളുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്രയും സ്കൂളുകളിൽ അദ്ധ്യാപകർ ഇല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആർ.എം.എസ്.എ. സ്കൂളുകൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ആർ.എം.എസ്.എ. സ്കൂളുകളുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എം.എച്ച്.ആർ.ഡി. വാർഷിക പദ്ധതിയനുസരിച്ച് അനുവദിച്ച് നൽകുന്ന തസ്തികകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ആർ.എം.എസ്.എ. വഴി ശമ്പളം നൽകുന്നുണ്ട്. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

എൽ.എസ്.എസ്., യു.എസ്.എസ്., എൻ.എം.എം.എസ്. എന്നീ സ്കോളർഷിപ്പ് പരീക്ഷകൾ

45 (1081) ശ്രീ. കെ. കുഞ്ഞമ്മദ് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.എസ്.എസ്., യു.എസ്.എസ്., എൻ.എം.എം.എസ്. എന്നീ സ്കോളർഷിപ്പ് പരീക്ഷകൾ ഓരോ വർഷവും പ്രാഥമിക എത്ര വിദ്യാർത്ഥികൾ എഴുതുന്നുണ്ട്; എത്ര വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് അർഹത നേടുന്നു ; വ്യക്തമാക്കുമോ ;

(ബി) സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർത്ഥികൾക്ക് ഏത് വർഷം മുതലാണ് സ്കോളർഷിപ്പ് തുക വിതരണം ചെയ്യാനുള്ളത് ; വെളിപ്പെടുത്തുമോ ;

(സി) ഓരോ ഇനത്തിലും സ്കോളർഷിപ്പ് തുക എത്ര രൂപയാണ് ; ഇത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സ്കോളർഷിപ്പ് തുക വിതരണത്തിലെ കാലതാമസം പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) എൽ.എസ്.എസ്. സ്കോളർഷിപ്പിന് ശരാശരി 66500 പേർ പരീക്ഷ എഴുതുന്നതിൽ ശരാശരി 3000 പേർ അർഹത നേടുന്നു. യു.എസ്.എസ്. സ്കോളർഷിപ്പിന് ശരാശരി 67800 പേർ പരീക്ഷ എഴുതുന്നതിൽ ശരാശരി 2000 പേരും, എൻ.എം.എം.എസ്. സ്കോളർഷിപ്പിന് ശരാശരി 23000 പേർ പരീക്ഷ എഴുതുന്നതിൽ 3473 (നിശ്ചിത എണ്ണം) പേരും അർഹത നേടുന്നു.

(ബി) എൽ.എസ്.എസ്., യു.എസ്.എസ്., സ്കോളർഷിപ്പിന് അർഹത നേടുന്നവർക്ക് അതത് വർഷം മുതൽ തുക വിതരണം ചെയ്യുന്നു. എൻ.എം.എം.എസ്. സ്കോളർഷിപ്പ് തുക കേന്ദ്ര മാനവശേഷി മന്ത്രാലയം മുഖേന കുട്ടികളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു.

(സി) എൽ.എസ്.എസ്. 100 രൂപ യു.എസ്.എസ്. 150 രൂപ എന്നീ ക്രമത്തിൽ മൂന്ന് വർഷം നൽകുന്നു. എൻ.എം.എം.എസ്. സ്കോളർഷിപ്പ് 6000 രൂപ ക്രമത്തിൽ നാല് വർഷം നൽകുന്നു. എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുകൾ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) സ്കോളർഷിപ്പ് തുക വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി അതാത് വർഷം തന്നെ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ റിക്വയർമെന്റ് പ്രകാരം അലോട്ട്മെന്റായി നൽകിവരുന്നുണ്ട്. എൻ.എം.എം. എസ് സ്കോളർഷിപ്പ് തുക കേന്ദ്ര മാനവശേഷി മന്ത്രാലയം മുഖേന അതാത് കുട്ടികളുടെ ബാങ്ക് അക്കൗണ്ടിലേക്കും നൽകിവരുന്നു.

പ്ലസ് ടു സ്കൂളുകളിലെ താൽക്കാലിക അധ്യാപകർക്ക് വേതനം

46 (1082) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് അധ്യയനവർഷം പ്ലസ് ടു അനുവദിച്ച സ്കൂളുകളിൽ താൽക്കാലികമായി പഠിപ്പിക്കുന്ന അധ്യാപകർക്ക് വേതനം ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly